# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.2279 | 20.06.2012 ൽ മറുപടിക്ക്

### എന്റോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസ സഹായ പദ്ധതി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിതബാധിതരിൽ പലരും സർക്കാരിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും അവർക്ക് പ്രതിമാസ സഹായ പദ്ധതി പ്രകാരമോ മറ്റോ യാതൊരുവിധ , സഹായവും ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | എൻഡോസൾഫാൻ ദുരിതബാധിതരിൽ 4182 പേരുടെ പട്ടികയാണ് സാമ്പത്തിക സഹായം വിതരണം ചെയ്യാനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിരുന്നത്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരമാണ് പ്രതിമാസ സാമ്പത്തിക സഹായം വിതരണം ചെയ്യുന്നത്. ഈ പട്ടികയിൽ ഉൾപ്പെട്ട ഏതാനും ചിലരുടെ മേൽവിലാസത്തിൽ അവ്യക്തതകൾ ഉണ്ടായിരുന്നതിനാൽ അത്തരം ആളുകൾക്ക് സാമ്പത്തിക സഹായം ലഭ്യമായിരുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹിരിക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് വഴി ദുരിതബാധിതരുടെ പൂർണ്ണമായ മേൽവിലാസം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നേരത്തെ ഫീൽഡ് സർവ്വേയിലൂടേയും 2011 മാർച്ച് മാസംവരെ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിലൂടെയും ലഭ്യമായ പേരുകളാണ് സാമ്പത്തിക സഹായ വിതരണത്തിന് പരിഗണിച്ചത്. 2011 ആഗസ്റ്റ് മാസത്തിൽ നടന്ന |

| | |
|---|---|
| | മെഡിക്കൽ ക്യാമ്പിൽ ശുപാർശ ചെയ്യപ്പെട്ട 696 പേരുടെ കാറ്റഗറി തിരിച്ച് കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷന് അയച്ചുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br>എന്നാൽ ഈ പട്ടികയിൽപെട്ടവരിൽ അടിയന്തിര ചികിത്സ ആവശ്യമുള്ള രോഗികൾക്ക് പ്രത്യേക പരിഗണന നൽകി, എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. പ്രസ്തുത സൗകര്യം രോഗികൾ പ്രയോജനപ്പെടുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ